**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3676 **15.07.2015** ലെ മറുപടിക്ക്

**<u>പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് അന്വേഷണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.വി.ശശി** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന്റെ വിജിലൻസ് വിഭാഗം 2014 ജനുവരി 1 മുതൽ ഡിസംബർ 31 വരെ എത്ര കേസുകളിൽ അന്വേഷണം നടത്തിയിട്ടുണ്ടെന്നും അതിൽ എത്ര എണ്ണത്തിൽ റിപ്പോർട്ട് സമർപ്പിച്ചുവെന്നും വ്യക്തമാക്കാമോ ; | (എ) | രണ്ട് കേസുകളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റിപ്പോർട്ടുകളിൽ നടപടികൾ നിർദ്ദേശിച്ചിട്ടുള്ളവ എത്രയെണ്ണമെന്നും, ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശവും വെളിപ്പെടുത്താമോ; | (ബി) | രണ്ട്.<br>1. മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ ശ്രീ.കെ.പി കൃഷ്ണകുമാറിനെതിരെ വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്.<br>2. പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് I, ശ്രീമതി.സജിനിമോളെ സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| (സി) | 2015 ജനുവരി മുതൽ ജൂൺ 30 വരെ വിജിലൻസ് വകുപ്പ് അന്വേഷിച്ച കേസുകൾ എത്ര; അവയിൽ നടപടി നിർദ്ദേശിക്കപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ | (സി) | അഞ്ച് കേസുകൾ അന്വേഷിച്ചു. നടപടി നിർദ്ദേശിക്കപ്പെട്ട റിപ്പോർട്ടുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.<br>1. ചവറ (ബ്ലോക്ക്)-ലെ മുൻ സീനിയർ ക്ലാർക്കായ ശ്രീ.ഡി.ശ്യാം കുമാറിനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.<br>2. ഇടുക്കി (ബ്ലോക്ക്), ഇളംദേശം (ബ്ലോക്ക്) പട്ടികജാതി വികസന ഓഫീസിലെ അപാകതകളിൽ ഓഡിറ്റ് പരിശോധനയ്ക്ക് ശുപാർശ ചെയ്തു. ശ്രീ.ബിനു, ക്ലാർക്ക്, പെരുങ്കടവിള (ബ്ലോക്ക്) -ന് മെമ്മോ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# റിപ്പോർട്ട്

18/06/2015 ന് അഡീഷണൽ ഡയറക്ടറോടൊപ്പം ചവറ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പരിശോധിച്ചു. ജീവനക്കാർ ആരും തന്നെ ഓഫീസിൽ ഹാജരുണ്ടായിരുന്നില്ല. ലീവപേക്ഷകളും ഉണ്ടായിരുന്നില്ല. മൂന്ന് പ്രമോട്ടർമാരാണ് ഓഫീസിൽ ഉണ്ടായിരുന്നത്. ഓഫീസ് രേഖകൾ ഇവർ കൈകാര്യം ചെയ്യുന്നതായി കണ്ടു. ഓഫീസിൽ ലംപ്സം ഗ്രാന്റ് നൽകുന്നതിനായുള്ള 20 സ്കൂളുകളുടെ DDO കൾ വിതരണം ചെയ്തിട്ടില്ല.

ടി ഓഫീസിലെ മുൻ ക്ലാർക്ക് ശ്രീ ശ്യാം കുമാറിന്റെ ചെയ്തികൾ അന്വേഷിക്കുന്നതിനാണ് ഓഫീസ് സന്ദർശിച്ചത്. ടിയാൾ ഗുണഭോക്താക്കളോട് അപമര്യാദയായി പെരുമാറുന്നതായും ഓഫീസ് ജോലികൾ ചെയ്യുന്നതിൽ മന: പ്പൂർവ്വം കാലതാമസം വരുത്തുന്നതായും, ഗുണഭോക്താക്കളോട് നേരിട്ടും ഫോൺ മുഖേനയും പണം ആവശ്യപ്പെടുന്നതായും, റിപ്പോർട്ടുകൾ അയയ്ക്കാൻ കാലതാമസം വരുത്തുന്നതായും, റിക്കാർഡുകൾ സൂക്ഷിക്കുന്നതിൽ അലംഭാവം കാട്ടുന്നതായും, SCDO യെ ആക്ഷേപിക്കുന്നതായും ജില്ലാ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു.

പത്മന ഗ്രാമപഞ്ചായത്തിലെ ശ്രീ രാജീവൻ, കരീത്രവടക്കേതിൽ, പോരൂക്കര , ശ്രീമതി സരിത, നന്ദനം, പോരൂക്കര, ഇടപ്പള്ളിക്കോട്ട എന്നിവരുടെ വീടുകളിൽ പത്മന പഞ്ചായത്തിലെ പ്രമോട്ടർ ശ്രീമതി മഞ്ചുളയ്ക്കൊപ്പം പോയി. ശ്രീ രാജീവൻ ടിയാളുടെ വീട്ടിൽ ഉണ്ടായിരുന്നു. 2014-15 ലെ ഭൂരഹിത പുനരധിവാസ പദ്ധതിയിലെ ഗുണഭോക്താവാണിദ്ദേഹം. ടിയാളോട് 2000/- രൂപ ക്ലാർക്ക് ശ്രീ ശ്യാം കുമാർ ആവശ്യപ്പെട്ടതായും 1000/- രൂപ നൽകിയതായും ടിയാൾ അറിയിച്ചു. ശ്രീമതി സരിതയെ നേരിട്ടു കാണാൻ കഴിഞ്ഞില്ല. പ്രമോട്ടർ നൽകിയ 8943269520 എന്ന ഫോൺ നമ്പറിൽ ഇവരുമായി ബന്ധപ്പെടുകയും, ഇവരോടും 2000/- രൂപ ശ്യാം കുമാർ ആവശ്യപ്പെട്ടതായും, ടിയാൾ 1000/- രൂപ നൽകിയതായും അറിയിച്ചു. ശ്യാം കുമാർ മറ്റ് പലരോടും തുക ആവശ്യപ്പെട്ടിട്ടുള്ളതായി ഈ ഗുണഭോക്താക്കൾ പറഞ്ഞു.

ശ്രീ ശ്യാം കുമാറിനെ സസ്പെന്റ് ചെയ്ത് ഉചിത ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു.

ലംപ്സം ഗ്രാന്റ് DDO കൾ വിതരണം ചെയ്യാതെ കാലതാമസം വരുത്തിയതിനും അനുവാദമില്ലാതെ ഓഫീസിൽ ഹാജരാകാതിരുന്നതിനും നിലവിലെ SCDO, ക്ലാർക്ക് എന്നിവരോട് വിശദീകരണം ആവശ്യപ്പെടുന്നതിനും ശുപാർശ ചെയ്യുന്നു.

വിജിലൻസ് ആഫീസർ

സെക്ഷൻ ഓഫീസർ

**Report.** [illegible]

മേൽ പരാതി പരിശോധിച്ചതിൽ
ശ്രീമതി. രമ കുഞ്ഞിരാമന് 2006-07 വർഷത്തിൽ
ധന സഹായം ലഭിച്ചിട്ടുണ്ട് എന്നും ടിയാന് 14-15
വർഷത്തിൽ ഭവന നിർമ്മാണ ധനസഹായം അനുവദി
ച്ചിട്ടുണ്ട്. എന്നാൽ ടിയാരിക്ക് ധന സഹായം
അനുവദിച്ച അപേക്ഷ പരിശോധിച്ചതിൽ ടിയാരിക്ക്
2005-06 വർഷത്തിൽ പഞ്ചായത്തിൽ നിന്നും
ഭവന നിർമ്മാണ ധനസഹായം അനുവദിച്ചിട്ടുണ്ട്.
എന്നാൽ ടിയാന്റെ വീട് വാസയോഗ്യമല്ല എന്ന്
ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാന്
ഭവന പുനരുദ്ധാരണ ധന സഹായത്തിന് അർഹതയുണ്ടാ
യിരിക്കെ പുതിയ അപേക്ഷ പരിഗണിച്ച് ഭവന
നിർമ്മാണ ധന സഹായം അനുവദിച്ചിട്ടുണ്ട്.
നിലവിൽ രണ്ട് ഗഡുക്കൾ നൽകിയിട്ടുണ്ട്.
മേൽ ~~പരാതി~~ വിഷയം ബോധിപ്പിന് വിധേയമാക്കുന്നു
ണ്ട്.

Nvg

സെക്ഷൻ ഓഫീസർ